


# ഇ മലർ മാസിക

## കോട്ടയം മലബാർ എച്ച് എസ് എസ്

ലിറ്റിൽ കൈറ്റ് യൂണിറ്റ്



**ഹെഡ്മിസ്ട്രസ്സ് ശ്രീമതി ഗീത ഇറോത്ത്**

മുഖക്കുറി

വർത്തമാനത്തിന്റെ വർണ്ണക്കാഴ്ചകളും

ഭാവിയുടെ സുന്ദര പ്രതീക്ഷകളും

അക്ഷരക്കൂട്ടങ്ങളായി അണിനിരന്ന

ഈ താളുകൾ...........

മഹാത്മാക്കൾ പോലും പൂർണ്ണത കൈവരിക്കാത്ത

ഈ വിജ്ഞാന ലോകത്തിൽ

വിജ്ഞാന മണ്ഡലത്തിലെ

ഒരു ശങ്കരാചാര്യർ അല്ല എന്ന തിരിച്ചറിവിലൂടെ

ഈ താളുകൾ ഞങ്ങൾ കോറിയിടുകയാണ്

സർഗാത്മകതയുടെ ചില സത്തുക്കൾ..........

ചിന്തയുടെ നെടുനാമ്പുകൾ പൊട്ടിവിടരുന്നത് .....

വിദ്യാലയത്തിന്റെ പുത്തൻ മണ്ണിൽ നിന്നാണ്...........

ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയ്യാറാക്കിയ

മാഗസീൻ ഇ മലർ........................

എഡിറ്റർ

**ഉള്ളടക്കം**

**സ്കൂൾ ചരിത്രം...............**
**ലേഖനം............**
**കോട്ടയം ചിറ വന്ന വഴി.............**
**കവിതകൾ............**
**ചിത്രങ്ങൾ.............**
**കഥകൾ............**

## കോട്ടയം മലബാർ ഗവ.ഹയർസെക്കണ്ടറി സ്കൂളിനെക്കുറിച്ച്.........

ബ്രിട്ടീഷ് ഭരണകാലത്തെ മലബാറിലെ ഏററവും പ്രശസ്തമായ വാണിജ്യകേന്ദ്രമായിരുന്ന കോട്ടയത്തങ്ങാടിയുടെ ഹൃദയഭാഗത്താണ് കോട്ടയം മലബാർ ഗവ.ഹയർസെക്കണ്ടറി വിദ്യാലയം നിലകൊള്ളുന്നത്.കോട്ടയം പഞ്ചായത്തിൽ 1914 ല കോട്ടയം മാപ്പിള സ്കൂൾ എന്ന പേരിൽ 1 മുതൽ 5 വരെക്ലാസുകൾ മാത്രമുള്ള എൽ.പി സ്കൂൾ ആയി നിലവിൽ വരികയും 1958 ൽ ഗവ. മാപ്പിള യു.പി സ്കൂൾ ആയും 1980 ൽ കോട്ടയം മലബാർ ഗവ.ഹയർസെക്കണ്ടറി സ്കൂൾ ആയും ഉയർത്തപ്പെടുകയുണ്ടായി. 2007 ൽ കോട്ടയം മലബാർ ഗവ.ഹയർസെക്കണ്ടറി സ്കൂൾ ആയിമാറിയ ഈ വിദ്യാലയത്തിൽ 1 മുതൽ 12 വരെ ക്ലാസുകളോടൊപ്പം പി.ടി.എ യുടെ ആഭിമുഖ്യത്തിൽ പ്രീപ്രൈമറി ക്ലാസുകളും ആരംഭിച്ചിട്ടുണ്ട്. 680 കുട്ടികളും 40 അധ്യാപകരുമാണ് ഈ വിദ്യാലയത്തിൽ ഇപ്പോൾ ഉള്ളത്.

ഭൗതിക സൗകര്യങ്ങളുടെ പരിമിതികളെ അതിജീവിച്ച് ഈ വിദ്യാലയം പഠനപാഠ്യേതരമേഖലകളിൽമികവ്തെളിയിച്ച്ഇന്ന്ജില്ലയിലെമികച്ചവിദ്യാലയങ്ങളി ലൊന്നായിമാറിയിരിക്കുകയാണ്.2002-2003 വർഷത്തിൽ സംസ്ഥാന തലത്തിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ 14 ാം റാങ്ക് നേടിയ സഹല ഹാഷിം എന്ന മിടുക്കിയെ ഞങ്ങൾ അഭിമാനത്തോടെ സ്മരിക്കുകയാണ്.2010 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം എന്ന അപൂർവ്വ നേട്ടം വിദ്യാലയം ആദ്യമായി നേടുകയുണ്ടായി. തുടർന്നിങ്ങോട്ട് 5 തവണ 100% വിജയം നേടി.2017 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിലും തൊട്ടടുത്ത വിദ്യാലയങ്ങൾക്കെല്ലാം അപ്രാപ്യമായ നൂറുമേനി വിദ്യാലയം നേടുകയുണ്ടായി.

ഹയർസെക്കണ്ടറിയിൽ സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ 3 ബാച്ചുകളാണ് ഉള്ളത്. പരിമിതമായ സൗകര്യത്തിൽ തുടങ്ങിയ ഹയർസെക്കണ്ടറി വിഭാഗം ക്ലാസുകൾ ത്രിതല പഞ്ചായത്തിന്റേയും അധ്യാപക-രക്ഷാകർതൃ സമിതിയുടെയും ശക്തമായ ഇടപെടലുകളോടെ ഇന്ന്മികവിന്റെ പാതയിലാണ്. ശ്രീ.കെ.പി.മോഹനൻ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ 1കോടി രൂപയുടെ പുതിയ കെട്ടിടം 2017 ജൂലായ് 22 ന് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഹയർസെക്കണ്ടറി നബാർഡ് സംയുക്തവികസന ഫണ്ട് ഉപയോഗിച്ച് 2 കോടി 10 ലക്ഷം രൂപയുടെ ഹയർസെക്കണ്ടറി ബ്ലോക്കിന്റെ പ്രവർത്തനം ദ്രുതഗതിയിൽ നടന്നു വരികയാണ്.

പുതിയ കെട്ടിട സമുച്ചയം പൂർത്തിയാകുന്നതോടെ ഹൈടെക് സംവിധാനമുള്ള ക്ലാസ്സ് മുറികൾ,ലബോറട്ടറികൾ,ലൈബ്രറികൾ എന്നിവയാൽ വിദ്യാലയം അനുഗ്രഹീതമായി മാറുകതന്നെചെയ്യും. ലാബ് സൗകര്യങ്ങൾ ഉയർത്തുവാൻ സ്ഥലം എം എൽ എ, ജില്ല പഞ്ചായത്ത് തുടങ്ങിയവർക്ക് വിദ്യാലയം അപേക്ഷ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സ്ഥലം എം എൽ എയും കേരള സംസ്ഥാന ആരോഗ്യമന്ത്രിയുമായ കെ.കെ.ശൈലജടീച്ചർ വിദ്യാലയം സ്മാർട്ട് ആക്കുവാൻ 40 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിരിക്കുകയാണ്.

2017 മാർച്ചിൽ നടന്ന +2 പൊതു പരീക്ഷയിൽ 86% വിജയം വിദ്യാലയം കൈവരിച്ചിട്ടുണ്ട്.പാഠ്യേതര പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ വിജയം ഈ വർഷം നേടുകയുണ്ടായി.കളിസ്ഥലം ഇല്ലെങ്കിലും ക്രിക്കറ്റ് മത്സരത്തിൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ സബ്ജില്ലാ ചാമ്പ്യൻമാരായ വിദ്യാലയം സംസ്ഥാന സ്കൂൾ കായിക മേളയിലും മികച്ച പ്രകടനം കാഴ്ചവെച്ചു .ജില്ലാതല ശാസ്ത്രമേളയിൽ സബ്ജില്ലയിലെ മികച്ച വിദ്യാലയമായി കോട്ടയം മലബാർ മികവ് തെളിയിച്ചു .സബ്ജില്ലാ കലോത്സവത്തിൽ 9 വിദ്യാലയങ്ങളുടെ പട്ടികയിൽ മൂന്നാം സ്ഥാനം ഹയർസെക്കണ്ടറി

വിഭാഗത്തിൽ നേടാൻ സാധിച്ചിട്ടുണ്ട്.വിദ്യാലയത്തിൽ പതിനാല് ക്ലബ്ബുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്.ഹൈസ്കൂൾ മേഖലയിൽ ജൂനിയർ റെഡ്ക്രോസ് പ്രവർത്തനം മികച്ച രീതിയിൽ സംഘടിപ്പിച്ചു വരുന്നു.ഹയർസെക്കണ്ടറി മേഖലയിൽ ASAP യൂണിററ് വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് വേണ്ടി പ്രവർത്തിച്ചു വരുന്നു.ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം നൽകാൻ സൗഹൃദ ക്ലബ്ബിന്റെ യൂണിററ് വിദ്യാലയത്തിൽ സജീവമായി പ്രവർത്തിച്ചു വരുന്നു.

കർമ്മനിരതരായ അംഗങ്ങൾ ഉൾപ്പെട്ട ശക്തമായ അധ്യാപക രക്ഷാകർതൃസമിതിയും അർപ്പണ ബോധവും ആത്മാർത്ഥതയുമുള്ള അധ്യാപകരും ഈ വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ്. സുദൃഢമായ ഈ കൂട്ടായ്മയാണ് ഞങ്ങളുടെ നേട്ടത്തിന്റെ ആധാരം. കോട്ടയം ഗ്രാമപഞ്ചായത്തിലെ ഏക ഗവ.ഹയർസെക്കണ്ടറിസ്കൂൾ എന്ന നിലയിൽ പൂർവ വിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും നിർലോഭമായ സഹായ സഹകരണം ഞങ്ങൾക്ക് ലഭിച്ചു വരുന്നു.പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വികസന സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.



# ജീവജലം

ജലമാണ് ജീവന് ആധാരം.എല്ലാ സസ്യജന്തുജാലങ്ങൾക്കും ജലമില്ലാതെ ജീവിക്കാൻ കഴിയില്ല. എന്നാൽ ഇന്ന് മനുഷ്യരുടെ ക്രൂരമായ ഇടപെടലുകൾ മൂലം ജലം മലിനമായിക്കൊണ്ടിരിക്കുകയാണ്. വീട്ടിലെ പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും മനുഷ്യർ ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നു.അങ്ങനെ ജലസ്രോതസ്സുകളിലെ ജലം മലിനമാകുന്നു. ഫാക്ടറി മാലിന്യങ്ങൾ ഒഴുക്കിലവിടുന്നതുവഴി ജലത്തിൻറെ ഒഴുക്ക് തടസ്സപ്പെടുന്നു.



**മാർച്ച് 21...ലോക വനദിനം ഓർമ്മിപ്പിക്കുന്നത്.....**

വനം മനുഷ്യന് വരം എന്ന ഒരാപ്തവാക്യം മാത്രമായി മാറുന്ന ഒരു കാലഘട്ടത്തിലൂടെയാണ്

നമ്മൾ മുന്നേറിക്കൊണ്ടിരിക്കുന്നത്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ മരങ്ങൾ വഹിക്കുന്ന പങ്ക് പലപ്പോഴും നമ്മൾ

മറന്നുപോകുന്നു.മരങ്ങളോടും പക്ഷികളോടുമുള്ള മനുഷ്യരുടെ സരളഭാവങ്ങൾ നശിച്ചതോടെ കാട് വൻതോതിൽ നഷിക്കപ്പെടുകയും കാട്ടുജീവികളുടെ വംശം വരെ

ആറ്റുപോവുകയും ചെയ്യുന്നു .കവികളും പരിസ്ഥിതി പ്രവർത്തകരും ഈ ഭീകരാവസ്ഥയുടെ ഫലത്തെ കുറിച്ച് നമുക്ക് മുന്നറിയിപ്പുകൾ

നൽകിക്കഴിഞ്ഞു.വനനശീകരണത്തിനെതിരെ മാർച്ച് 21 ലോകവനദിനമായി

ഐകരാഷ്ട്ര സഭ ആചരിച്ച് വരുന്നു.എന്നിട്ടും വനസമ്പത്ത്കളോടും മരങ്ങളോടുമുള്ള

മനുഷ്യരുടെ കൈയ്യേറ്റം തുടർന്നു കൊണ്ടിരിക്കുകയാണ്.മണ്ണൊലിപ്പിന് പ്രധാന

കാരണം മരങ്ങളുടെ അഭാവമാണ്.മരങ്ങളുടെ വേരുകൾ ഒരു അരിപ്പപോലെ

പ്രവർത്തിക്കുന്നത് കൊണ്ടാണ് മണ്ണൊലിപ്പ് തടയപ്പെടുന്നത്.എന്നാൽ മരങ്ങൾ വൻതോതിൽ

നശിക്കപ്പെടുന്നതോടെ മേൽമണ്ണ് ധാരാളമായി ഒഴുകിപ്പോവുകയും മണ്ണിലുള്ള

എൻ.പി.കെ എന്ന അടിസ്ഥാനവളം നഷ്ടപ്പെടുകയും ജലത്തിൽ അയഡിന്റെ അഭാവം ഉണ്ടാവുകയും ചെയ്യുന്നു

മഴപെയ്യിക്കുന്ന ഒരു പ്രധാന ഘടകമാണ് മരങ്ങൾ,കാർമേഘങ്ങളെ

തടഞ്ഞുനിർത്താനും,പ്രദേശിക മഴമേഘങ്ങൾക്ക്

രൂപം കൊടുക്കുവാനും മരങ്ങൾക്ക് കഴിയും.അന്തരീക്ഷത്തെ കുളിർപ്പിക്കാനുള്ള ജന

പ്രസരണം ചെയ്യുന്നതും മരങ്ങളാണ്.വേരുകൾ ധാരാളം ജലം സംഭരിച്ചുവെക്കുന്നതതിനാൽ അവ

നീരൊഴുക്കുകളായി രൂപം പ്രാപിക്കുന്നു.ഇങ്ങനെ ഇത്തരത്തിലും പ്രകൃതിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കുന്ന മരങ്ങളുടെ നിലനിൽപ്പുതന്നെ ഇന്ന്

അവതാളത്തിലാണാ്.വനസമ്പത്ത്കൊണ്ട് സമ്പന്നമായ കേരളത്തിൽപോലും

വനനശീകരണം വ്യാപകമാവുകയാണ്. ഇവിടേക്ക്

വിദേശീയ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന മൂല്യമായ ഘടകം കേരളത്തിന്റെ പച്ചപ്പ്

ആണ്.മരം നശിക്കുന്നതോടെ ജലനിരപ്പും നീരൊഴുക്കും കുറയും.ഇത് കൊണ്ട് തന്നെ സമൃദ്ധമായി ലഭിക്കുന്ന മഴയും നമുക്ക് അന്യം നിന്നുപോകും.മരങ്ങളുടെ പ്രാധാന്യത്തെയും അവ ജീവജാലങ്ങൾക്ക് നൽകുന്ന സംഭാവനകളെ കുറിച്ചും വ്യാപകമായ പ്രചരണങ്ങൾ സംഘടിപ്പിക്കുവൻ ലോകവനദിനം ആഹ്വാനം ചെയ്യുന്നു.



# വാഴപ്പഴം



ഒരു ആപ്പിളിലുള്ളതിനേക്കാൾ പോഷകമൂല്യം ഒരു വാഴപ്പഴത്തിനുണ്ട്. ആപ്പിളിലുള്ളതിനേക്കാൾ ഇരട്ടി കാർബോഹൈഡ്രേറ്റും അഞ്ചിരട്ടി വിറ്റാമിൻ എ-യും ഇരുമ്പും മൂന്നിരട്ടി ഫോസ്ഫറസും വാഴപ്പഴത്തിനുണ്ട്. കൂടാതെ പൊട്ടാസ്യവും ഫൈബറും വിറ്റാമിൻ സി-യും ഉണ്ട്. അമേരിക്കൻ ഡയബറ്റിക്ക് അസോസിയേഷന്റെ റിപ്പോർട്ടനുസരിച്ച് പ്രമേഹമുള്ള ഒരാൾക്കും വാഴപ്പഴം കഴിക്കാം. എനർജി ഡ്രിംഗ്സിൽ നിന്നും ലഭിക്കുന്നതിനേക്കാളും ഊർജം വാഴപ്പഴത്തിൽ നിന്നും ലഭിക്കുന്നു. ശരീരത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യത്തിന് അനുയോജ്യമായ സൂപ്പറ് ഫുഡാണ് വാഴപ്പഴം.

ലഹരി എന്ന കാൻസർ

നമ്മെ ഏറ്റവും പേടിപ്പെടുത്തുന്ന രോഗമാണല്ലോ കാൻസർ അങ്ങനെ നോക്കിയാൽ ഇന്ന് ഭൂമിയെ കീഴടക്കിയിരിക്കുന്ന മാരകമായ കാനസറാണ് ലഹരിവസ്തുക്കൾ. ഇവ അനേകം തരത്തിലുണ്ട്.മദ്യം,

മയക്കുമരുന്ന്,പുകയില തുടങ്ങിയ വസ്തുക്കൾ നമുക്കേറെ പരിചിതമാണ്

കൊച്ചുകുട്ടികൾ പോലും ഇവയ്ക്ക് അടിമപ്പെടുന്നത് വളരെ പരിതാപകരമാണ്.സ്കൂളുകളുടെ മറവിൽ വന്നു വിൽക്കുന്ന കടകൾ

ഇന്ന് സുലഭമാണ്.പ്രായമായവർ തങ്ങളുടെ മാനസിക സുഖത്തിന് വേണ്ടി ഇവ ഉപയോഗിക്കുമ്പോൾ കുട്ടികൾ മറ്റ് കുട്ടികളുടെയും മുതിർന്നവരുടെയും പ്രേരണയാൽ ഇവ ഉപയോഗിക്കുന്നു.തുടർന്ന് ഇവയ്ക്ക് അടിമപ്പെടുകയും ചെയ്യുന്നു.ഇവയ്ക്ക് അടിമപ്പെട്ടാൽ അതിൽ നിന്ന് മുക്തി നേടുക വളരെ പ്രയാസകരമാണ്.തുടക്കത്തിൽ ഇവ സൗജന്യമായി ലഭിക്കുന്നു. എന്നാൽ ഇവ സൗജന്യമായി ലഭിക്കാതാകുമ്പോൾ ലഹരിയുടെ ഉപഭോക്താക്കൾ രഹസ്യമായി തങ്ങളുടെ വീട്ടിൽ നിന്നും മറ്റും പണമോ സ്വർണമോ മോഷ്ടിക്കുന്നു.

## വൃദ്ധപരിചരണം

നമ്മുടെ സമൂഹത്തിലെ മനുഷ്യരിൽ ഇരുപതു ശതമാനത്തിലധികം വൃദ്ധജനങ്ങളാണ്.തിരക്കുപിടിച്ച ആധുനിക ജീവിതത്തിൽ വൃദ്ധജനങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നു.മാറിവരുന്ന സാമൂഹ്യപരിതസ്ഥിതിയിൽ വൃദ്ധസദനങ്ങൾ വർധിച്ചുവരികയാണ്.തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളും നിരവധിയാണ്.അവഗണിക്കപ്പെടുന്ന വാർധക്യം ഒരു യാഥാർത്യമാണ്.

## ചിറ വന്ന വഴി

പണ്ടൊരിക്കൽ കോട്ടയം മലബാറ് അടക്കമുള്ള പ്രദേശങ്ങൾ വാണിരുന്ന രാജാവിന് ഒരു സ്വപ്ന ദറ്ശനമുണ്ടായി. സ്വപ്നത്തിൽ ശിവഭഗവാൻ തന്റെ തൃക്കൈ കാണിച്ച് അനുഗ്രഹിക്കുകയും ഈ പ്രദേശത്തെ ഒരു സ്ഥലത്ത് ഭഗവാന്റെ സാന്നിധ്യം ഉണ്ടെന്നും അരുളി ചെയ്യുകയും ചെയ്തു.രാജാവ് പ്രശ്നം



വയ്പിച്ചു.ശിവഭഗവാന്റെ സാന്നിധ്യമുള്ള പ്രദേശത്ത് കുടുതൽ ഉയരത്തിൽ ഒരു ക്ഷേത്രം സ്ഥാപിച്ച് അദ്ദേഹത്തെ അവിടെ പ്രതിഷ്ഠിക്കണമെന്നും പുജാദികർമങ്ങൾ ചെയ്ത് ഭഗവാനെ സംപ്രീതനാക്കണമെന്നും പ്രശ്നം വയ്പിൽ തെളിഞ്ഞു.അന്നിവിടം മുഴുവൻ തരിശുഭൂമിയായിരുന്നു.ക്ഷേത്രം കൂടുതൽ ഉയരത്തിൽ കെട്ടാൻ ധാരാളം മണ്ണ് ആവശ്യമായി വന്നു.അതിനുവേണ്ട മണ്ണ് എവിടെനിന്നെടുക്കുമെന്ന പ്രശ്നമുദിച്ചു.അങ്ങനെ ഉപയോഗശൂന്യമായി കിടന്നിരുന്ന ഒരു നിലം കുഴിച്ച് മണ്ണെടുത്ത് ക്ഷേത്രം നിർമിച്ചു . അവിടെ ശിവഭഗവാനെയും മറ്റ് ദേവന്മാരെയും പ്രതിഷ്ഠിക്കുകയും ചെയ്തു. എന്നാൽ ധാരാളം മണ്ണ് നഷ്ടപ്പെടുത്തിയതിനാൽ തരിശുനിലം ഒരു പടുകൂറ്റൻ കുഴിയായി മാറിയിരുന്നു.ആ കുഴി എന്തുചെയ്യണമെന്നാലോചിച്ച് എല്ലാവരും

തലപൂകച്ചു.ഒടുവിൽ ദൈവകടാക്ഷം പോലെ തന്നെ തൊട്ടടുത്ത ദിവസങ്ങളിൽ കനത്ത മഴ പെയ്യുകയും ആ കുഴിയിൽ വെള്ളം നിറയുകയും ചെയ്തു.അങ്ങനെ അതൊരു ചിറയായി മാറി.ആ ചിറയാണ് കണ്ണൂരിലെ ഏറ്റവും വലിയ ചിറകളിൽ ഒന്നായ കോട്ടയം ചിറ.കോട്ടയം നിവാസികളുടെ ഭാഗ്യമാണീ ചിറ.



**സൗഹൃദം**

സ്വർണ്ണ വർണ്ണ നിറമുള്ള സൂര്യകിരണങ്ങളാൽ തിളങ്ങുന്ന പ്രഭാതത്തിലാണ് കുഞ്ഞിക്കാറ്റ് യാത്ര തുടങ്ങിയത്.സൗരഭ്യം പൊഴിക്കുന്ന ഉദ്യാനത്തിലൂടെ പച്ച പുതച്ച വയലേലകളെ തഴുകി കുഞ്ഞോളങ്ങൾ നിറഞ്ഞ ജലാശയങ്ങളെ തൊട്ട് പൂക്കൾ വിടർന്ന് നിൽക്കുന്ന പൂമരങ്ങളെ ആലോലമാട്ടി കൊണ്ടാണ് കുഞ്ഞിക്കാറ്റ് യാത്ര

# പുകവലി ആരോഗ്യത്തിന് ഹാനികരം



പുകവലി ശീലം നന്നല്ല
പുകതിന്നും ശരീരം
കൊള്ളില്ല
കീശയിൽ കാശോ നിൽക്കില്ല
കാലം നമ്മേ കാക്കില്ല
ആയുസ്സ് പൂർണ്ണമാക്കില്ല